പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1813 — 17.06.2013 ൽ മറുപടിക്ക്

## കുട്ടികൾക്കെതിരായ ലൈംഗിക പീഡനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) | സംസ്ഥാനത്ത് കുട്ടികൾക്കെതിരായ ലൈംഗിക പീഡനകുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതായിട്ടുള്ള ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ ഇത്തരത്തിലുള്ള നിരീക്ഷണം നടത്തിയിട്ടില്ല. |
| (ബി) | ആയതുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിലുള്ളത് വാർഷിക ക്രമത്തിൽ ലഭ്യമാക്കുമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | കുട്ടികൾക്കെതിരായുള്ള ലൈംഗിക പീഡന കുറ്റകൃത്യങ്ങൾ തടയുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ; | (സി) | കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് ചൈൽഡ് ഹെൽപ്പ് ലൈനുകൾ സ്ഥാപിച്ചും വനിതാ സി.ഐ മാരുടെ ചുമതലയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ സെല്ലുകൾ രൂപീകരിച്ചുമുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. കുട്ടികൾക്കും മാതാപിതാക്കൾക്കും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചും, കാലതാമസം കൂടാതെ നിലവിലുള്ള നിയമ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് പ്രതികൾക്ക് കടുത്ത ശിക്ഷകൾ ഉറപ്പാക്കിയും ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള കർശനമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |

(ഡി) ക്രമാതീതമായി വർദ്ധിച്ചുവരുന്ന ഇത്തരം കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിന് സർക്കാർ പുതിയതായി ആവിഷ്കരിക്കാനുദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ ?

(ഡി) ക്രമാതീതമായി കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം.

(U/s 376, 377, 354, 509 and Rape with Murder)

| District | 18/05/2011 - 31/12/2011 | 2012 | 01/01/2013 - 18/05/2013 |
|---|---|---|---|
| TVM C | 18 | 21 | 21 |
| TVM R | 40 | 67 | 37 |
| KLM C | 30 | 42 | 15 |
| KLM R | 28 | 54 | 30 |
| PTA | 18 | 32 | 20 |
| ALP | 18 | 19 | 14 |
| KTM | 19 | 48 | 16 |
| IDK | 13 | 54 | 37 |
| EKM C | 13 | 23 | 14 |
| EKM R | 25 | 50 | 26 |
| TSR C | 8 | 38 | 10 |
| TSR R | 36 | 37 | 26 |
| PKD | 15 | 56 | 29 |
| MPM | 31 | 65 | 24 |
| KKD C | 12 | 36 | 13 |
| KKD R | 11 | 24 | 23 |
| WYD | 12 | 27 | 19 |
| KNR | 27 | 33 | 27 |
| KSD | 26 | 52 | 15 |
| RLY | 0 | 4 | 1 |
| **Total** | **400** | **782** | **417** ✓ |

സെക്ഷൻ ഓഫീസർ